ഭരണഭാഷാ മാതൃഭാഷ

**AHD/2133/2026-D2**

മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്

വികാസ് ഭവൻ,തിരുവനന്തപുരം -33

ഫോൺ : 0471 -2302283

directorah.ker@nic.in

തീയതി: 25-07-2026

## <u>സർക്കുലർ</u>

വിഷയം:- മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് - വെറ്ററിനറി സർജൻമാരുടെ പൊതുസ്ഥലംമാറ്റം 2025 – പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിയ്ക്കുന്നു.

സൂചന:-

1. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 20.06.2026 ലെ AHD/2133/2026-D2 നമ്പർ സർക്കുലർ
2. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 10.07.2026 ലെ AHD/2133/2026-D2 നമ്പർ ഉത്തരവ്
3. വെറ്ററിനറി ഡോക്ടർമാരുടെ സംഘടനയുടെ നിവേദനം
4. വെറ്ററനിനറി സർജൻമാർ സമർപ്പിച്ച പരാതി

മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജൻമാരുടെ ഓഫ് ലൈൻപൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി മേൽ സൂചന (2) പ്രകാരം കരട് സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സൂചന (1) സർക്കുലർ പ്രകാരം അന്തിമ സ്ഥലംമാറ്റ ഉത്തരവ് പ്രസിദ്ധീകരിക്കുന്നതിനായി നിശ്ചയിച്ചിരുന്ന തീയതി 25.07.2026 ആണ്. ലഭ്യമായ പരാതികളുടെ ബാഹുല്യവും ആസന്നമായിട്ടുള്ള വെറ്ററിനറി സർജനിൽ നിന്നും സീനിയർ വെറ്ററിനറി സർജനിലേയ്ക്കുള്ള പ്രൊമോഷനും പരിഗണിച്ച് അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള തീയതി ദീർഘിപ്പിക്കുന്നതിന് കമ്മിറ്റി ശുപാർശ ചെയ്യുകയുണ്ടായി.

മേൽ സാഹചര്യത്തിൽ മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജൻമാരുടെ ഓഫ് ലൈൻപൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിനുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള തീയതി 20.08.2026 ആയി ദീർഘിപ്പിച്ച് നൽകുന്നു.

Digitally signed by
SINDHU K
Date: 25-07-2026
16:34:07

**DIRECTOR**

സ്വീകർത്താവ്:

1. നോട്ടീസ് ബോർഡ്

2.ഐ ടി ഓഫീസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)

3.എല്ലാ വെറ്ററിനറി സർജൻ കേഡറിലുള്ള ഉദ്യോഗസ്ഥർക്കും

4. വകുപ്പിലെ എല്ലാ നിയന്ത്രണോദ്യോഗസ്ഥർക്കും